## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 6087

02.04.2018 ൽ മറുപടിക്ക്

### പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ. പി. കെ. ശശി | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | വ്യവസായ വളർച്ച ലക്ഷ്യവെച്ചുകൊണ്ട് സംസ്ഥാന സർക്കാർ നൽകിയ ഭൂമിയിൽ സ്ഥാപിച്ച കേന്ദ്രപൊതുമേഖലാ വ്യവസായങ്ങൾ വിറ്റുതുലയ്ക്കുന്ന കേന്ദ്രസർക്കാർ നടപടി സംസ്ഥാനത്തെ വ്യവസായിക വളർച്ചയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇത്തരം നീക്കത്തിൽ നിന്നും പിൻമാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ; | (എ)<br>(ബി)<br>&<br>(സി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ 'ഓഹരി വിറ്റഴിക്കൽ' നടപടികൾക്കെതിരെ അതാതു സന്ദർഭങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ആശങ്കയും അപേക്ഷയും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേരളത്തിൽ പ്രവർത്തിച്ചു വരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഫാക്ട്, എച്ച് ഒ സി എൽ, ബി ഇ എം എൽ, എച്ച് എൻ എൽ, കൊച്ചിൻ കപ്പൽ നിർമ്മാണശാല തുടങ്ങിയ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ സംരക്ഷിച്ച് നിലനിർത്തുന്നതിനും കൂടുതൽ കേന്ദ്ര നിക്ഷേപം ഉറപ്പുവരുത്തുന്നതിനും സർക്കാർ ശക്തമായ ഇടപെടൽ നടത്തിയിട്ടുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് 2017 മാർച്ച് 13 ന് കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കി അറിയിച്ചിട്ടുണ്ട്. കേരള സർക്കാരിനു കഴിയാവുന്ന എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തിരുന്നതാണ്. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ യൂണിറ്റ് ഏറ്റെടുക്കാൻ സംസ്ഥാന |
| (ബി) | കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്ക് ബദലായി സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭകരമായി മാറ്റുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എത്ര മാത്രം ഫലം കണ്ടുതുടങ്ങിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | | |
| (സി) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നത സമിതി കേന്ദ്രസർക്കാരുമായി നടത്തുന്ന ചർച്ച പൂർത്തിയായി വരുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിശദമായി വിശകലനം ചെയ്ത് അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചുവരുന്നത്. ചെലവു കുറഞ്ഞതും നൂതനവുമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കി ഉൽപ്പാദന സംവിധാനങ്ങളിൽ കാലോചിതമായ നവീകരണ പ്രക്രിയകൾ കൊണ്ടുവന്നും, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിലൂടെയും വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള നൂതനമായ വിപണന സംവിധാനങ്ങൾ ആവിഷ്കരിച്ചും സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.<br>കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുന:രുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിറ്ററിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനാൽ അതത് മേഖലകളിലുള്ള വിദഗ്ധരുൾപ്പെട്ട കമ്മിറ്റികളുടെ സേവനവും ലഭ്യമാക്കിവരുന്നു. |

Bindu T

**സെക്ഷൻ ഓഫീസർ.**